പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.214 — 28-11-2018 ൽ മറുപടിയ്ക്ക്

## നിലമ്പൂർ ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.വി.അൻവർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) നിലമ്പൂർ ഫയർ സ്റ്റേഷന്റെ കെട്ടിട നിർമ്മാണത്തിനായി പട്ടികജാതി വകുപ്പിന്റെ കൈവശമുള്ള സ്ഥലം ഏറ്റെടുക്കുന്ന നടപടിയുടെ നില വിലെ സ്ഥിതി വ്യക്തമാക്കാമോ; | എ) നിലമ്പൂർ ഫയർ & റെസ്ക്യൂ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനായി കണ്ടെത്തി യിട്ടുളള പട്ടികജാതി വികസന വകുപ്പിന്റെ കൈവശമുളള സ്ഥലം വകുപ്പിന് കൈമാറുന്നതിന് സമ്മതമാണോ എന്നത് അറിയിക്കുന്നതിനായി നിലമ്പൂർ തഹസീൽദാർ മലപ്പുറം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് കത്ത് നൽകി യിട്ടുണ്ടെങ്കിലും, ആയത് സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല. സ്ഥലം കൈമാറ്റം ചെയ്ത് ലഭിക്കുന്നതിനായി ഫണ്ടിന്റെ ലഭ്യത, പ്രോജക്ട് റിപ്പോർട്ട്, ഭരണാനുമതി എന്നിവ ജില്ലാ കളക്ടർ ആവശ്യപ്പെട്ടിരുന്നു. ആയതിനുളള നടപടികൾ സ്വീകരിച്ച് വരുന്നു. |
| ബി) നിലമ്പൂർ ജവഹർ കോളനിയിൽ കണ്ടെത്തിയ സ്ഥലം വിട്ട് നൽകുന്നതിന് പട്ടികജാതി ക്ഷേമ വകുപ്പ് മലപ്പുറം ജില്ലാ ഓഫീസ് ബോധപൂർവ്വമായ അലംഭാവവും, കാലതാമസവും കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് തുടർ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) 2016-17 സംസ്ഥാന ബജറ്റിൽ നിലമ്പൂർ ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം ടോക്കൺ പ്രൊവിഷനിൽ ഉൾപ്പെടുത്തിയി ട്ടുണ്ടോ; ഏത് മുഖ്യ ശീർഷക ത്തിലാണ് നിലമ്പൂർ ഫയർ സ്റ്റേഷൻ ഉൾപ്പെടുത്തിയിരിക്കുന്നത്; ആയതിനായി എത്ര തുകയാണ് വകയിരുത്തിയിരുന്നത്? | സി) ഉൾപ്പെടുത്തിയിട്ടുണ്ട്. 2016-17 ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിലെ അനുബന്ധം II ൽ (മരാമത്ത് പണികളുടെ വിശദ വിവരം) മുഖ്യശീർഷകം "4059" ൽ ക്രമ നം.38 ൽ 100/-രൂപ ടോക്കൺ പ്രൊവിഷൻ നിലമ്പൂർ ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് ഉൾപ്പെടുത്തി യിരുന്നു. |

സെക്ഷൻ ഓഫീസർ